പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 214

# 2013-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 214

# 2013-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ

744/2013.

# 2013-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ

1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യത്തിനായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 മാർച്ച് 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 42-ാം വകുപ്പിന്റെ ഭേദഗതി.—1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റിലെ (1971-ലെ 33), 42-ാം വകുപ്പിലെ, (5)-ാം ഉപവകുപ്പിൽ "അമ്പത്തിയഞ്ച് വയസ്സ്" എന്ന വാക്കുകൾക്ക് പകരം "അമ്പത്തിയാറ് വയസ്സ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2012 മാർച്ച് 26-ാം തീയതിയിലെ 601-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 193/2012 നമ്പരായി പ്രസിദ്ധീകരിച്ച 2012 മാർച്ച് 26-ാം തീയതിയിലെ ജി.ഒ.(പി)നമ്പർ 183/12/ഫിൻ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ കേരള സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി സർക്കാർ ഉദ്യോഗസ്ഥരുടെ വിരമിക്കൽ പ്രായം അമ്പത്തിയഞ്ച് വയസ്സിൽ നിന്നും അമ്പത്തിയാറ് വയസ്സായി ഉയർത്തി.

ചാൻസലർ, പ്രോ-ചാൻസലർ, വൈസ്-ചാൻസലർ എന്നിവരുടെയും (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്നവരൊഴികെയുള്ള സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെ സാധാരണ വിരമിക്കൽ പ്രായം അൻപത്തിയഞ്ച് വയസ്സ് ആയിരിക്കുന്നതാണെന്ന്

1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റ് (1971-ലെ 33)-ലെ 42-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു. 26-3-2012 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം സർക്കാർ കേരള സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് സർക്കാർ ഉദ്യോഗസ്ഥരുടെ വിരമിക്കൽ പ്രായം 55 വയസ്സിൽ നിന്നും 56 വയസ്സായി ഉയർത്തിയതിനാൽ ചാൻസലർ, പ്രോ-ചാൻസലർ, വൈസ്-ചാൻസലർ എന്നിവർ ഒഴികെയും പ്രസ്തുത വകുപ്പിലെ (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്നവരൊഴികെയുമുള്ള സർവ്വകലാശാലയിലെ ഉദ്യോഗസ്ഥർക്ക് പ്രയോജനം ലഭ്യമാകുന്നവിധം 1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റിലെ 42-ാം വകുപ്പിലെ (5)-ാം ഉപവകുപ്പ് ഭേദഗതി വരുത്താൻ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കെ. പി. മോഹനൻ.

(ശരിത്തർജ്ജമ)

## 1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1971-ലെ 33)

** ** ** **

42. അദ്ധ്യാപകൻമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും സ്റ്റാഫിന്റെയും നിയമനം.—(1) ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി സർവ്വകലാശാലയിലെ സ്റ്റാഫ് അംഗങ്ങളെ എക്സിക്യൂട്ടീവ് കമ്മിറ്റി നിയമിക്കേണ്ട താകുന്നു.

** ** ** **

(4) സർവ്വകലാശാലയിലെ ഫാക്കൽറ്റി ഡീൻമാരുടെയും, റിസർച്ച് ഡയറക്ടറുടെയും, എക്സ്റ്റൻഷൻ ഡയറക്ടറുടെയും, വെറ്ററിനറി റിസർച്ചും എഡ്യൂക്കേഷനും ഡയറക്ടറുടെയും പോസ്റ്റ് ഗ്രാഡ്വേറ്റ് സ്റ്റഡീസ് ഡയറക്ടറുടെയും, പ്രൊഫസർമാരുടെയും മറ്റ് തസ്തികകളിലുള്ള അദ്ധ്യാപകരുടെയും സാധാരണ റിട്ടയർമെന്റ് വയസ് അറുപത് ആയിരിക്കുന്നതാണ്.

(5) ചാൻസലറും, പ്രോ-ചാൻസലറും, വൈസ്-ചാൻസലറും, (4)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ളവരും, അല്ലാത്ത സർവ്വകലാശാലയിലെ മറ്റ് ഉദ്യോഗസ്ഥൻമാരുടെ സാധാരണ റിട്ടയർമെന്റ് വയസ് അമ്പത്തിയഞ്ച് ആയിരിക്കുന്നതാണ്.

** ** ** **